I.ഇ.ബി. XIIകേരള നിയമസഭ/XI-12

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂലായ് 8, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) കെട്ടിട നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : 1934-ലെ എയർ ക്രാഫ്റ്റ് നിയമത്തിന്റെ അടിസ്ഥാനത്തിൽ വിമാനത്താവളങ്ങളുടെ 20 കിലോമീറ്റർ ചുറ്റളവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽനിന്നും നോട്ടിഫിക്കേഷൻ കിട്ടിയിട്ടുണ്ടെന്നും എല്ലാ പഞ്ചായത്തുകൾക്കും നൽകുന്നതിന് നിർദ്ദേശമുണ്ടെന്നും കാണിച്ച് പഞ്ചായത്ത് ഡയറക്ടർമാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്തയച്ചിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകാത്തത് ചെറുകിട നിർമ്മാതാക്കളെ കൂടുതൽ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. കോഴിക്കോട് ഇത്തരം നിയന്ത്രണങ്ങൾ കൊണ്ടുവന്നെങ്കിലും വ്യാപകമായ എതിർപ്പിനെത്തുടർന്ന്

അത് ഉപേക്ഷിച്ചിരിക്കുകയാണ്. അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ 20 കിലോമീറ്റർ ചുറ്റളവിൽ 152 മീറ്ററിലധികമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എൻ.ഒ.സി. വാങ്ങണമെന്ന ചട്ടം നിലവിലുള്ളതാണ്. ഇപ്പോൾ പുറപ്പെടുവിച്ച ഉത്തരവിൽ കെട്ടിടത്തിന്റെ ഉയരത്തിന്റെ പരിധി വ്യക്തമാക്കുകയും വീടു നിർമ്മാണത്തിന് നിയന്ത്രണ രേഖ ഏർപ്പെടുത്തരുതെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുകയും വേണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിൽ വിമാനത്താവളങ്ങളിൽനിന്ന് 22 കിലോമീറ്റർ അകലെ നിർമ്മിക്കാവുന്ന കെട്ടിടങ്ങളുടേയും മറ്റ് നിർമ്മാണങ്ങളുടേയും ഉയരം വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽക്കൂടുതൽ ഉയരത്തിൽ നിർമ്മാണ പ്രവർത്തനം നടത്തണമെങ്കിൽ എയർപോർട്ട് അതോറിറ്റിയുടെ എൻ.ഒ.സി. ആവശ്യമാണ്. കേന്ദ്രസർക്കാരിന്റെ വ്യോമയാന മന്ത്രാലയം 1934-ൽ എയർ ക്രാഫ്റ്റ് ആക്ടിന്റെ 9-ാം വകുപ്പുപ്രകാരം 30-6-2008-ൽ പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് വിമാനത്താവളങ്ങളുടെ റഫറൻസ് പോയിന്റിൽനിന്നും 20 കിലോമീറ്റർ ദൂര പരിധിയിൽ നിർമ്മാണം നടത്തുന്നതിന് എയർപോർട്ട് അതോറിറ്റിയുടെ എൻ.ഒ.സി. വാങ്ങണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. വിമാനങ്ങൾ വരുന്നതിനും പോകുന്നതിനും വിമാനത്താവളങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമാണ് ഇത്തരം നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ഇക്കാര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എല്ലാ വിമാനത്താവളങ്ങളിലും 20 കിലോമീറ്റർ ചുറ്റളവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിന് ഈ വിജ്ഞാപനം തടസ്സമായിട്ടുണ്ട്. ഇതിന്റെ സാങ്കേതിക ബുദ്ധിമുട്ട് മനസ്സിലാക്കി നിർമ്മാണ

പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിൽ ഇപ്പോഴുള്ള കാലതാമസം ഒഴിവാക്കാൻ എയർക്രാഫ്റ്റ് അതോറിറ്റിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(2) കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രത്യേക പാക്കേജ്

ശ്രീ. പി. ജയരാജൻ : കൈത്തറി മേഖലയിൽ പവർലൂമിൽ ഉൽപ്പാദിച്ച തുണിത്തരങ്ങൾക്ക് ബ്രാന്റ് അനുവദിക്കുന്നതിനും. മാർക്കറ്റ് ചെയ്യുന്നതിനും സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് മാർക്കറ്റ് കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് തൊഴിൽ നൽകാത്ത സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതോടൊപ്പം നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി സഹായം നൽകുകയും വേണം. മൽസരക്ഷമത ഉറപ്പുവരുത്തുന്നതിനും സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനുംവേണ്ടിയുള്ള പ്രവർത്തനം ശക്തിപ്പെടുത്തണം. പാവ് ചുറ്റ് മേഖലയിൽ യന്ത്രവൽക്കരണം ശക്തിപ്പെടുത്തണം. സ്കൂൾ യൂണിഫോമിന് ആവശ്യമായ തുണിത്തരങ്ങൾ നൽകാൻ ഈ മേഖലയ്ക്ക് കഴിയുന്നുണ്ട്. സ്വകാര്യ സംരംഭകർ അന്യ സംസ്ഥാനത്തുനിന്നും കൈത്തറി തുണി എന്ന പേരിൽ വ്യാജ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുകയാണ്. കൈത്തറി തുണികൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ വിഹിതമായി നൽകിയിരുന്ന 20 ശതമാനം റിബേറ്റ് 10 ശതമാനമാക്കി കുറച്ചത് സംഘങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുകയാണ്. റിബേറ്റ് ദിവസങ്ങളുടെ എണ്ണം കൂട്ടുന്നതിനും സംഘങ്ങളുടെ കടബാധ്യത പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച സ്കീം പ്രാവർത്തികമാക്കാനും നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരവധി

പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ഹാൻറക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 10 ശതമാനം നിരക്കിൽ റിബേറ്റ് നൽകിവരുന്നു. മുമ്പ് കേന്ദ്ര ഗവൺമെന്റ് 10 ശതമാനം നൽകിയിരുന്നപ്പോൾ സംസ്ഥാന വിഹിതം 20 ശതമാനമാക്കുകയും പിന്നീട് കേന്ദ്ര ഗവൺമെന്റ് പത്ത് ശതമാനംകൂടി നൽകിയപ്പോൾ സംസ്ഥാന വിഹിതം 10 ശതമാനമാക്കി നിജപ്പെടുത്തുകയും ചെയ്തു. 2008-09 വർഷത്തിൽ റിബേറ്റ് ഇനത്തിൽ 1128.82 ലക്ഷം രൂപയും സ്പെഷ്യൽ റിബേറ്റ് ഇനത്തിൽ 1047.11 ലക്ഷം രൂപയും നൽകുകയുണ്ടായി. 2009-2010 വർഷത്തിൽ റിബേറ്റ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 484 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തെ കുടിശ്ശിക റിബേറ്റ് തീർക്കുന്നതിന് സഹായകമാകും. കൈത്തറി വസ്ത്രങ്ങളുടെ വില്പനയ്ക്ക് 10 ശതമാനം മാർക്കറ്റ് ഇൻസെന്റീവ് നൽകിവരുന്നു. 50 ശതമാനം സംസ്ഥാന വിഹിതം വരുന്ന പദ്ധതികൾക്ക് ഈ സാമ്പത്തിക വർഷം 300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്ക് യൂണിഫോമിന് കൈത്തറി-ഖാദി വസ്ത്രങ്ങൾ നൽകുന്ന പരിപാടി നടപ്പാക്കിവരുന്നു. സ്കൂൾ യൂണിഫോം വിൽപനയ്ക്ക് മേയ് 22 മുതൽ 15 ദിവസത്തേയ്ക്കും 6-7-2009 മുതൽ 5 ദിവസത്തേയ്ക്കും 20 ശതമാനം സ്പെഷ്യൽ റിബേറ്റ് അനുവദിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാർ ആഴ്ചയിൽ ഒരു ദിവസം ഖാദി-കൈത്തറി വസ്ത്രങ്ങൾ ധരിക്കുന്നതിലൂടെ തുണിത്തരങ്ങളുടെ ഉപയോഗം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കൈത്തറി-ഖാദി വസ്ത്രങ്ങളുടെ വിപുലമായ പ്രചരണത്തിന് രണ്ടുവർഷത്തെ പരിപാടികൾ ഗവൺമെന്റ് ആസൂത്രണം ചെയ്തുവരുന്നു. ഹാൻറക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 2008-09

സാമ്പത്തിക വർഷത്തെ റിബേറ്റ് കുടിശ്ശിക നൽകി പ്രവർത്തനം മെച്ചപ്പെടു ത്തിയിട്ടുണ്ട്. കൈത്തറി സഹകരണ സംഘങ്ങളുടെ വായ്പ തീർക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ഫിനാൻഷ്യൽ പാക്കേജ് പ്രഖ്യാപിച്ചതിന്റെ ഭാഗമായി കൈത്തറി സഹകരണ സംഘങ്ങളുടെ 361.15 കോടി രൂപയുടെയും അപ്പക്സ് സംഘങ്ങളുടെ 222.14 കോടി രൂപയുടേയും കടബാധ്യത എഴുതിത്തള്ളുന്ന തിനുള്ള പ്രൊപ്പോസൽ സംസ്ഥാന ഗവൺമെന്റ് നബാർഡിന് സമർപ്പി ക്കുകയും ഈ പാക്കേജിലെ സംസ്ഥാന വിഹിതമായ 25 ശതമാനം തുക നൽകാൻ തയ്യാറാണെന്ന് കേന്ദ്രത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പാക്കേജിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്

**സബ്മിഷൻ**

(1) <u>അന്ധർക്ക് അർഹതപ്പെട്ട സംവരണം</u>

<u>ശ്രീ. ജോസ് തെറ്റയിൽ</u> : പി.എസ്.സി. വഴിയുള്ള ക്ളാസ് -I, ക്ളാസ്II, ക്ളാസ്-III, ക്ളാസ്-IV തസ്തികകളിലെ നിയമനങ്ങളിൽ അന്ധർക്ക് 1 ശതമാനം സംവരണം നൽകുന്നതിന് 2008-ൽ ഉത്തരവിറക്കിയിട്ടുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴിയുള്ള നിയമനങ്ങളിലും അന്ധർക്ക് അർഹതപ്പെട്ട ഒരു ശതമാനം നിയമനം നൽകുന്നതിനുള്ള സർക്കുലർ പുറപ്പെ ടുവിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ)</u> : സർക്കാർ സർവ്വീസിൽ ക്ളാസ്-I, ക്ളാസ്-II, ക്ളാസ്-III, ക്ളാസ്-IV വിഭാഗത്തിൽപ്പെട്ട തസ്തിക കളിൽ 2004 വർഷം മുതലുണ്ടായതും ഉണ്ടാകാൻ സാധ്യതയുള്ളതുമായ ഒഴിവുകളിൽ അന്ധർക്ക് 1 ശതമാനം പ്രത്യേക സംവരണം നൽകി നിയമനം

നൽകാൻ പി.എസ്.സി.യെ ചുമതലപ്പെടുത്തി 19-5-2008-ൽ ഉത്തരവിറക്കിയിട്ടുണ്ട്. 1-1-2008 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ള റാങ്ക് ലിസ്റ്റിൽനിന്ന് ഓരോ തസ്തികയിലേയ്ക്ക് എഴുതി അറിയിച്ചിട്ടുള്ള ഒഴിവുകളിൽ വികലാംഗർക്ക് 3 ശതമാനം സംവരണം നൽകി നിയമന ശുപാർശ ചെയ്യുന്നുണ്ട്. അന്ധർ നിയമിക്കപ്പെടാൻ അനുയോജ്യരാണെന്ന് കണ്ടെത്തിയ തസ്തികകളിൽ 1 ശതമാനം സംവരണം നൽകിയിട്ടുണ്ട്. നൂറുപേർ ഉൾപ്പെടുന്ന ഒരു ബ്ളോക്കിൽ 33, 66, 99 എന്നീ ടേണുകൾ വികലാംഗർക്കായി നീക്കിവച്ചിട്ടുള്ളതിൽ 33-ാമത്തേത് അന്ധർക്ക് സംവരണം ചെയ്തിട്ടുള്ളതാണ്. അന്ധർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നിയമനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(2) ഡമാസ് വിക്ടറി കപ്പലിൽ മലയാളികൾ കുടുങ്ങിയ സംഭവം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : ഖത്തർ തീരത്ത് ഡമാസ് വിക്ടറി കപ്പൽ കടലിൽ താഴ്ന്നതുമൂലം മരണപ്പെട്ട മലയാളികളുടെ മൃതശരീരങ്ങൾ നാട്ടിൽ എത്തിക്കാനും അവരുടെ കുടുംബത്തിന് ലഭിക്കേണ്ട നഷ്ടപരിഹാരം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : 19 ഇൻഡ്യാക്കാർ ജോലി ചെയ്തിരുന്ന കപ്പൽ മുങ്ങിയതായി ഗവൺമെന്റിന് വിവരം ലഭിച്ച ഉടൻതന്നെ അപകടത്തിൽപ്പെട്ടവരുടെ വിവരം ശേഖരിക്കുന്നതിനായി ഖത്തറിലെ ഇൻഡ്യൻ എമ്പസ്സിയുമായി ബന്ധപ്പെട്ടപ്പോൾ മുങ്ങിയ കപ്പലിൽ അഞ്ച് മലയാളികൾ ഉൾപ്പെട്ടിരുന്നതായും അതിൽ രണ്ടുപേർ രക്ഷപ്പെട്ടതായും അറിയാൻ സാധിച്ചു. മരണപ്പെട്ടവരുടെ മൃതദേഹങ്ങൾ അടിയന്തിരമായി നാട്ടിലെത്തിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഖത്തറിലെ ഇൻഡ്യൻ എമ്പസി അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(3) <u>ആര്യങ്കാവ് കെ.എസ്.ആർ.ടി.സി. ഡിപ്പോ</u>

<u>ശ്രീ. കെ. രാജു</u>: ആര്യങ്കാവ് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> ആര്യങ്കാവ് കെ.എസ്.ആർ. ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന് അടിസ്ഥാനസൗകര്യങ്ങൾ പഞ്ചായത്ത് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഓപ്പറേറ്ററിംഗ് സെന്റർ മാറ്റേണ്ടിവരുമെന്ന് പഞ്ചായത്ത് പ്രസിഡന്റിനെ അറിയിച്ചിരുന്നു. പഞ്ചായത്ത് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി നൽകിയാൽ ഓപ്പറേറ്റിംഗ് സെന്റർ വീണ്ടും പ്രവർത്തിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി. സമ്മതം അറിയിച്ചിട്ടുണ്ട്. ആര്യങ്കാവ് കെ.എസ്. ആർ.ടി.സി. ഡിപ്പോയിൽ നിന്ന് ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾ മുടക്കംകൂടാതെ പുനലൂർ ഡിപ്പോ കേന്ദ്രമാക്കി നടത്തുന്നുണ്ട്.

(4) <u>ദേശീയപാത നാലുവരി പാതയാക്കൽ</u>

<u>ശ്രീ. എൻ. ശക്തൻ:</u> ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോട്ട് അടിയന്തിരമായി ലഭ്യമാക്കി കരമന മുതൽ കളിയിക്കാവിള വരെയുള്ള ദേശീയ പാത നാലുവരി പാതയാക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി അനുകൂലമായ തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്</u>): കരമന മുതൽ കളിയിക്കാവിള വരെയുള്ള ദേശീയ പാത സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ ദേശീയ പാത വിഭാഗത്തിന്റെ നിയന്ത്രണത്തിലാണ്. പ്രസ്തുത റോഡ് കേന്ദ്രസർക്കാർ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള നിർദ്ദിഷ്ട നാലുവരി പാത വികസനപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ദേശീയ പാത വിഭാഗം ചീഫ് എൻജിനീയറുടെ നേതൃത്വത്തിൽ 29 കിലോമീറ്ററിന്റെ പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 618 കോടി രൂപയുടെ റഫ് എസ്റ്റിമേറ്റാണ്

ലഭിച്ചിട്ടുള്ളത്. ഇൻവെസ്റ്റിഗേഷൻ സർവ്വേ നടപടികൾ പൂർത്തീകരിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തുകയും മൂന്നു മാസത്തിനുള്ളിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കണമെന്ന് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രോജക്ട് റിപ്പോർട്ട് നടപ്പാക്കാൻ വേണ്ട കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് അടിയന്തിരമായി പ്രത്യേക യോഗം വിളിച്ചുചേർക്കുന്നതാണ്.

(5) ജപ്പാൻ കുടിവെള്ള പദ്ധതി

ശ്രീ. കെ. അജിത്: ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ജോലികൾ പുരോഗമിക്കാത്തതുകാരണം വൈക്കം നിയോജകമണ്ഡലത്തിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിൽ റോഡ്, ടെലഫോൺ, വൈദ്യുതി, കുടിവെള്ളം തുടങ്ങിയവയെല്ലാം തടസ്സപ്പെട്ടിരിക്കുകയാണ്. അടിയന്തിരമായി ഗവണ്മെന്റ് ഇടപെട്ട് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): മറവൻതുരുത്ത് പഞ്ചായത്തിൽ പൈപ്പ്ലൈൻ കടന്നുപോകുന്ന റോഡ് പൂർണ്ണമായും പുനരുദ്ധരിക്കുന്നതിനും ട്രാഫിക് ഡൈവെർഷൻ ഉണ്ടാക്കുന്നതിന്റെ ഭാഗമായുള്ള തകരാറുകൾ പരിഹരിക്കുന്നതിനും പ്രത്യേക സാമ്പത്തികസഹായം ഉൾപ്പെടെ പഞ്ചായത്ത് ആവശ്യപ്പെട്ട മുഴുവൻ കോമ്പൻസേറ്ററി എമൗണ്ടും കെട്ടിവച്ചശേഷമാണ് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പണി ആരംഭിച്ചത്. പി.ഡബ്ളിയു.ഡി. റോഡിൽ ഒന്നര കിലോമീറ്റർ ദൂരം പൈപ്പ്ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. സെപ്റ്റംബർ മാസം 30-ാം തീയതിക്കു മുമ്പായി പണി

പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുവേണ്ടിയുള്ള ഫലപ്രദമായ മോണിറ്ററിംഗ് ഇപ്പോൾ നടക്കുന്നുണ്ട്.

(6) <u>കടൽഭിത്തി നിർമ്മാണം</u>

<u>ശ്രീ. ബി. ബാബുപ്രസാദ്</u>: വലിയഴീക്കൽ, വട്ടച്ചാൽ, കാർഗിൽ, ആറാട്ടുപുഴ, കാർത്തികപ്പള്ളി, മംഗലം തുടങ്ങിയ പ്രദേശങ്ങളിൽ കടലാക്രമണത്തിന്റെ ഭാഗമായി വർഷംതോറും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പരിഹാരം കാണാനായി പ്രസ്തുത പ്രദേശങ്ങളിൽ അടിയന്തിരമായി കടൽഭിത്തി നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി ആറാട്ടുപുഴ, തറയിൽക്കടവ് എന്നീ സ്ഥലങ്ങളിൽ രണ്ടു കിലോമീറ്റർ നീളത്തിൽ ഗാബിയോൺ സ്ട്രക്ച്ചർ ഉപയോഗിച്ച് കടൽഭിത്തി നിർമ്മാണം പൂർത്തീകരിച്ചു. വലിയഴീക്കലും ആറാട്ടുപുഴ ജംഗ്ഷന് തെക്കുവശവും കടൽഭിത്തി കെട്ടാനാവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെയും സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായും കാർഗിൽ ജംഗ്ഷനിലും കാർത്തികപ്പള്ളി താലൂക്കിൽ ആറാട്ടുപുഴ വില്ലേജിലെ വട്ടച്ചാൽ പ്രദേശത്തും കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള ടെണ്ടർ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. മഴക്കാലം കഴിഞ്ഞാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. കൂടാതെ വട്ടച്ചാൽ, കാർഗിൽ ഭാഗത്ത് കടൽഭിത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 3 എസ്റ്റിമേറ്റുകൾ സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സർക്കാർ പരിഗണിച്ചുവരികയാണ്.

(7) <u>പെട്രോളിന്റെയും ഡീസലിന്റെയും വർദ്ധിപ്പിച്ച വിലയുടെ അധിക നികുതി</u>

<u>ശ്രീ. കെ. ബാബു</u>: കേന്ദ്ര ഗവൺമെന്റ് പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി സംസ്ഥാന ഗവണ്മെന്റിന് അധികമായി ലഭിക്കുന്ന നികുതി വരുമാനം വേണ്ടെന്ന് വയ്ക്കാൻ തയ്യാറാകണം.

ധനകാര്യവകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്</u>): 5-6-2008-ൽ കേന്ദ്ര ഗവണ്മെന്റ് പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ച സമയത്തു മാത്ര മാണ് അധികവരുമാനം ഗവണ്മെന്റ് വേണ്ടെന്നു വച്ചത്. പെട്രോൾ-ഡീസൽ വില വർദ്ധിക്കുമ്പോൾ എംപവേഡ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാ നത്തിൽ മാത്രമേ നികുതി നിരക്കിൽ മാറ്റം വരുത്താൻ പാടുള്ളൂ എന്നാണ് സംസ്ഥാന ധനമന്ത്രിമാരുടെ സമ്മേളനത്തിൽ തീരുമാനിച്ചത്. അതുകൊണ്ട് ധനമന്ത്രിമാരുടെ സമ്മേളനം വരുന്നതുവരെ തൽക്കാലം ഇത് പരിഗണിക്കാൻ ഉദ്ദേശിക്കുന്നില്ല.

(8) <u>മിനി സിവിൽ സ്റ്റേഷന്റെ പൂർത്തീകരണം</u>

<u>ശ്രീ. പി. കൃഷ്ണപ്രസാദ്</u> : സുൽത്താൻബത്തേരി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കി പണികൾ ആറ് മാസത്തിനകം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്</u>) സുൽത്താൻബത്തേരി മിനി സിവിൽ സ്റ്റേഷന്റെ 80 ശതമാനം പണികൾ പൂർത്തീകരിച്ചതിനുശേഷം ഷെഡ്യൂൾ പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യ പ്പെട്ടതിനെത്തുടർന്ന് പ്രസ്തുത കരാറുകാരനെ ഒഴിവാക്കി റീ-ടെണ്ടർ ചെയ്യുകയും അവശേഷിക്കുന്ന പണികൾക്കുള്ള എസ്റ്റിമേറ്റിന് സർക്കാർ

അംഗീകാരം നൽകുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിയതിന്റെ അടിസ്ഥാനത്തിൽ തടസ്സങ്ങൾ നീക്കി പരമാവധി വേഗതയിൽ പണി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കു ന്നതാണ്.

(9) സബ്ട്രഷറി ആഫീസിന് സ്ഥലം അനുവദിക്കൽ

ശ്രീ. എം. ചന്ദ്രൻ : വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വടക്കാഞ്ചേരി സബ്ട്രഷറി ആഫീസിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് മരാമത്ത് വകുപ്പിന്റെ കൈവശമുള്ള റെസ്റ്റ് ഹൗസ് വളപ്പിൽനിന്ന് 10 സെന്റ് സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റെസ്റ്റ് ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം തിട്ടപ്പെടുത്തി റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിയി ട്ടുണ്ട്. അധികമായി വരുന്ന സ്ഥലം ഫലപ്രദമായി വിനിയോഗിക്കുന്നതിന് പുതിയ പ്രോജക്ടുകൾ തയ്യാറാക്കി വരികയാണ്. പത്ത് സെന്റ് സ്ഥലം സബ് ട്രഷറി ആഫീസ് നിർമ്മാണത്തിന് വിട്ടുകൊടുക്കണമെന്ന ആവശ്യത്തിൻമേൽ പാലക്കാട് ജില്ലാ കളക്ടറിൽനിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കാൻ കഴിയുമോയെന്നുള്ള കാര്യം പരിശോധിക്കുന്നതാണ്.

(10) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ നവീകരണം

ശ്രീ. കെ. ശിവദാസൻ നായർ :പഞ്ഞിനൂലിനുപകരം പോളിസ്റ്റർ നൂൽ ഉൽപാദിപ്പിച്ചപ്പോൾ ആവശ്യക്കാരില്ലാത്തതിനാൽ ജീവനക്കാരുടെ പി.എഫ്.,

ഇ.എസ്.ഐ., ഇൻഷ്വറൻസ് പ്രീമിയം എന്നിവ അടയ്ക്കാൻ കഴിയാതെ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ടി.സി.യുടെ കീഴിലുള്ള ടെക്സ്റ്റൈൽ മില്ലുകൾ നവീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) ആഗോള സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് പരുത്തി വസ്ത്രങ്ങളുടെ കയറ്റുമതി പൂർണ്ണമായി നിലയ്ക്കുകയും പഞ്ഞിയുടെ വില ക്രമാതീതമായി വർദ്ധിക്കുകയും പരുത്തി വസ്ത്രങ്ങളുടെ വില കുറയുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ടെക്സ്റ്റൈൽ വ്യവസായ രംഗത്ത് പ്രതിസന്ധി ഉണ്ടായത്. തൊഴിലാളികളോട് പ്രതിബദ്ധതയുള്ളതുകൊണ്ടാണ് വലിയ സാമ്പത്തിക സഹായം നൽകിക്കൊണ്ട് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ടെക്സ്റ്റൈൽ മില്ലുകൾ പ്രവർത്തിപ്പിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള നാല് ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണത്തിന് 22.12 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും ഗവൺമെന്റ് വിഹിതമായി 10.29 കോടി രൂപ നൽകുകയും ബാക്കി തുക എസ്.ബി.ടി.യിൽനിന്നും ലോണെടുക്കുന്നതിനുള്ള ശ്രമം നടത്തിവരികയുമാണ്. നവീകരണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത മില്ലുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കാൻ കഴിയും. ടെക്സ്റ്റൈൽ വ്യവസായം പുനരുദ്ധരിക്കുന്നതിന് പാക്കേജ് കൊണ്ടുവരണമെന്നും പഞ്ഞി ന്യായ വിലയ്ക്ക് ലഭ്യമാക്കണമെന്നുമുള്ള സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യം അംഗീകരിച്ചാൽ മാത്രമേ സാമ്പത്തിക പ്രതിസന്ധിക്ക് പൂർണ്ണമായി പരിഹാരം ഉണ്ടാക്കാൻ കഴിയുകയുള്ളൂ.

(11) കോഴിക്കോട് പുതുപ്പാടി വില്ലേജിലെ കർഷകർക്ക് ഭൂമി സംബന്ധമായ രേഖ ലഭ്യമാക്കൽ

ശ്രീ. ജോർജ് എം. തോമസ് :പുതുപ്പാടി വില്ലേജിൽ അമാൽഗമേറ്റഡ് മലബാർ എസ്റ്റേറ്റിൽനിന്ന് തൊഴിലാളികളും നാട്ടുകാരും ചേർന്ന് വാങ്ങി അനുഭവിച്ചുവരുന്നതായ സ്ഥലത്തിന് കൈവശരേഖ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : അമാൽഗമേറ്റഡ് മലബാർ കമ്പനിക്കെതിരെ മിച്ചഭൂമി കേസ് നടന്നുവരികയാണ്. ലാൻഡ് ബോർഡുകൾ പുന:സംഘടിപ്പിച്ചതിനെത്തുടർന്ന് 14 പ്രാവശ്യം യോഗം ചേരുകയുണ്ടായി. മിച്ചഭൂമി കേസ്സിൽ ഉൾപ്പെട്ട വസ്തുക്കൾ ക്രയവിക്രയം ചെയ്യുന്നതിനോ നികുതി അടയ്ക്കുന്നതിനോ കഴിയുന്നില്ല. മിച്ചഭൂമി ഏതാണെന്ന് കണ്ടുപിടിക്കുന്നതിന് ചില ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നുണ്ട്. ഇക്കാര്യത്തിൽ കൃഷിക്കാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ലാൻഡ് ബോർഡിന് മുമ്പാകെയുള്ള കേസ്സുകളിൻമേൽ അടിയന്തിരമായി തീർപ്പ് കൽപ്പിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(12) അലീഗഢ് സർവ്വകലാശാലയുടെ ഓഫ് കാമ്പസ്

ശ്രീ. എം. ഉമ്മർ : സംസ്ഥാന ഗവൺമെന്റ് അനുയോജ്യമായ സ്ഥലം സമയബന്ധിതമായി നൽകി മലപ്പുറത്ത് അലീഗഢ് സർവ്വകലാശാലയുടെ ഓഫ് കാമ്പസ് സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : മലപ്പുറത്ത് അലീഗഢ് സർവ്വകലാശാലയുടെ ഓഫ് കാമ്പസ് സ്ഥാപിക്കണമെന്നുള്ള സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര ഗവൺമെന്റ് അനുകൂലമായ തീരുമാ

നമെടുത്തിട്ടുണ്ട്. ഇതിനായി പെരിന്തൽമണ്ണ താലൂക്കിലെ 400 ഏക്കർ ഭൂമി ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി കൊടുക്കുന്നതിന് ക്യാബിനറ്റ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുപ്പ് നടപടികൾ എത്രയുംവേഗം പൂർത്തിയാക്കുന്നതാണ്. ഈ സ്ഥാപനം നഷ്ടപ്പെട്ടുപോകാതിരിക്കാൻ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ഇതിനായി കേന്ദ്ര ബഡ്ജറ്റിൽ 25 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് ഇതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് ആഗസ്റ്റ് മാസം 14-ാം തീയതി കൂടാൻ നിശ്ചയിച്ചിട്ടുള്ള യോഗത്തിൽ അലീഗഢ് സർവ്വകലാശാലയുടെ പ്രതിനിധിയേയും ക്ഷണിച്ചിട്ടുണ്ട്.

(13) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനം

ശ്രീ. എം. എ. വാഹീദ്: തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനത്തിന്റെ ഭാഗമായി ഭൂമി അക്വയർ ചെയ്ത് മറ്റ് പ്രവൃത്തികളൊന്നും നടത്താൻ കഴിയാത്ത രീതിയിൽ മരവിപ്പിച്ചിട്ടിരിക്കുകയാണ്. ഇതുമൂലം ഈ സ്ഥലത്തെ പാവപ്പെട്ട ചെറുകിട കച്ചവടക്കാർ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ആയതിനാൽ സ്ഥലമെടുപ്പ് നടപടിയിൽ നിന്നും ഈ സ്ഥലത്തെ ഒഴിവാക്കുന്നതിനും 33 വർഷം മുമ്പ് പുറപ്പെടുവിച്ച കാലഹരണപ്പെട്ട സ്ഥലമെടുപ്പ് വിജ്ഞാപനം റദ്ദാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): 27-10-76-ൽ തിരുവനന്തപുരം മെഡിക്കൽകോളേജ് ഏരിയാ ഡെവലപ്പ്മെന്റ് പ്ലാൻ അംഗീകരിച്ച് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ഏറ്റെടുത്ത സ്ഥലം മുഴുവനും വികസനത്തിന് ഉപയുക്തമാകാത്തതിനാൽ ഉടമകൾക്ക് തിരികെ നൽകുന്നതിന് തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് അനുമതി നേടുന്നതിന്

ബുദ്ധിമുട്ട് ഉണ്ടായിരിക്കുകയാണ്. മെഡിക്കൽ കോളേജ് വികസനത്തിന് അത്യാവശ്യം വേണ്ട സ്ഥലം ഒഴിവാക്കി ബാക്കി സ്ഥലം യഥാർത്ഥ ഉടമകൾക്ക് തിരികെ നൽകുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി കൂടി യാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(14) ഡിസാസ്റ്റർ മാനേജ്മെന്റ് കേന്ദ്രം

ശ്രീമതി ഇ.എസ്. ബിജി മോൾ ഇടയ്ക്കിടെ പ്രകൃതിക്ഷോഭം ഉണ്ടാകുന്ന പീരുമേട് താലൂക്കിൽ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഒരു കേന്ദ്രം ആരംഭിക്കുന്നതിനും ദുരന്ത നിവാരണ പ്രവർത്തനങ്ങളും രക്ഷാപ്രവർത്തന ങ്ങളും ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): പ്രകൃതി ദുരന്ത ങ്ങൾ ഉണ്ടാകുമ്പോൾ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നതിന് സംസ്ഥാനത്ത് ഒരു ദുരന്ത നിവാരണ പ്രതികരണ സേന ഇടുക്കി ജില്ലയിൽ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ ചുമതലപ്പെ ടുത്തിയിട്ടുണ്ട്. ദുരന്ത നിവാരണ കേന്ദ്രം സ്ഥാപിക്കുമ്പോൾ മറ്റ് വകുപ്പുകളു ടേയും സ്ഥാപനങ്ങളുടേയും ഏകോപനം വളരെ വേഗത്തിൽ സാധ്യമാകു കയും സമീപ ജില്ലകൾക്കുകൂടി ഇതിന്റെ സേവനം ലഭ്യമാകുകയും ചെയ്യും. ഇതിന് ഒരു സ്ഥിര ഷെൽട്ടർ സംവിധാനം സ്ഥാപിക്കാൻ പീരുമേട് സ്ഥലം ലഭ്യമാണെന്ന് ജില്ലാ കളക്ടർ അറിയിക്കുകയും അതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ഫണ്ട് അനുവദിക്കാമെന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയും കേന്ദ്ര മന്ത്രിയും അറിയിച്ചിട്ടുണ്ട്.

(15) <u>സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം</u>

<u>ശ്രീ. കെ. സി. ജോസഫ്</u>.: ഇന്നലെ ആരംഭിക്കേണ്ടിയിരുന്ന സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിനുള്ള ഓപ്ഷൻ രജിസ്ട്രേ ഷൻ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ജസ്റ്റീസ് പി.എ. മുഹമ്മദ് ചെയർമാനായുള്ള ഫീസ് റെഗുലേറ്ററി കമ്മിറ്റി അംഗീകരിച്ച ഫീസ് മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെന്നിരിക്കെ സഹകരണ മേഖലയിലെ കോളേജുകളിലേയ്ക്കുള്ള ഫീസ് ഘടനയെ സംബന്ധിച്ച് തീരുമാനമെടുക്കാനോ ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭി ക്കാനോ സാധിക്കില്ല. സ്വാശ്രയ കോളേജുകളിൽ നാലുതരം ഫീസാണ് ഏർപ്പെടുത്തിയിരിക്കുന്നതെങ്കിലും .സഹകരണ കോളേജുകൾക്കുള്ള ഫീസ് ഇനിയും ഫിക്സ് ചെയ്തിട്ടില്ല. ഈ ബുദ്ധിമുട്ടുകൾക്ക് പരിഹാരമു ണ്ടാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>: സംസ്ഥാനത്ത് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിനുള്ള ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിക്കുകയും അതിനുവേണ്ടിയുള്ള ഷെഡ്യൂൾ പരസ്യപ്പെ ടുത്തുകയും അതുപ്രകാരം 7-7-09 മുതൽ ഓപ്ഷൻ രജിസ്ട്രേഷനുള്ള എല്ലാ സൗകര്യങ്ങളും സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ഫീസ് നിരക്ക് സംബന്ധിച്ച് യാതൊരു അനിശ്ചിതത്വവും നിലവിലില്ല. സഹകരണ മേഖല യിലെ കോളേജുകളിലുൾപ്പെടെ എല്ലാ കോളേജുകൾക്കും ജസ്റ്റീസ് പി.എ. മുഹമ്മദ് കമ്മിറ്റി അംഗീകരിച്ച ഫീസാണ് ബാധകമാക്കിയിട്ടുള്ളത്. ഫീസ്

ഘടന സംബന്ധിച്ച് നിലവിലുള്ള സാഹചര്യം ഉപയോഗിച്ച് പാവപ്പെട്ട കുട്ടികൾക്ക് പരമാവധി പ്രയോജനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് ഘടനയും പ്രവേശനവും സംബന്ധിച്ച് വിദ്യഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയുടെ ഒരു സ്റ്റേറ്റ്മെന്റ് ആവശ്യമാണ്.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി.. സുധാകരൻ): ജസ്റ്റീസ് പി.എ. മുഹമ്മദ് കമ്മിറ്റി അംഗീകരിച്ച ഫീസ് തന്നെ സഹകരണ മേഖലയിലെ പ്രൊഫഷണൽ കോളേജുകളിലും വാങ്ങാൻ കഴിയുമോ എന്നതിനെക്കുറിച്ച് ഇന്നലെ വൈകിട്ട് വിദ്യാഭ്യാസ വകുപ്പുന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തു. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ വാങ്ങുന്ന ഫീസിനേക്കാൾ കുറഞ്ഞ ഫീസാണ് സഹകരണ മേഖലയിലുള്ള പ്രൊഫഷണൽ കോളേജുകളിൽ വാങ്ങുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വിശദമായി അതിനെക്കുറിച്ച് സംസാരിക്കും.

**ധനകാര്യം**

2009-10 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻ മേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

(519,69,23,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുതപദ്ധതികൾ

(15,41,48,000 രൂപ)

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പട്ടികജാതി/പട്ടിക വർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(സർവ്വശ്രീ വർക്കല കഹാർ, ബി. ബാബു പ്രസാദ്, വി.ഡി. സതീശൻ, ജോർജ് മേഴ്സിയർ, എം.എ. വാഹീദ്, സി.പി. മുഹമ്മദ്, എൻ. ശക്തൻ, ജി. കാർത്തികേയൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. അച്ചുതൻ, കെ.ബാബു, കെ.സി. ജോസഫ്, ആര്യാടൻ മുഹമ്മദ്, കെ. ശിവദാസൻ നായർ, തോമസ് ചാഴികാടൻ, റോഷി അഗസ്റ്റിൻ, കെ.കെ. ഷാജു, ജോസഫ് എം. പുതുശ്ശേരി, സി.ടി. അഹമ്മദ് അലി, എം. ഉമ്മർ, യു.സി. രാമൻ, അബ്ദുറ ഹിമാൻ രണ്ടത്താണി, എം.മുരളി എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. സി.പി. മുഹമ്മദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരള ത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭരണഘടനാനുസൃതമായ

സംവരണം ലഭിക്കുന്നുണ്ടെങ്കിലും പല കാര്യങ്ങളിലും അവർ പരിതാപകര മായ അവസ്ഥയിലാണ്. കേരളത്തിലെ അധ:സ്ഥിതരായ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാരുടെ താല്പര്യം സംരക്ഷിക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചിട്ടില്ല. ആറളം ഫാമിൽ ആദിവാസികൾക്ക് കൊടുത്ത ഭൂമിയിലെ ദേഹണ്ഡങ്ങൾ എടുക്കുന്ന കാര്യത്തിൽ വ്യവസ്ഥാപിതമായ നടപടി സ്വീകരിച്ചിട്ടില്ല. കേരള യൂണിവേഴ്സിറ്റിയിൽ ഗവേഷണം നടത്തുന്ന എസ്.സി/എസ്.ടി വിഭാഗം വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് നൽകുന്നതി ലുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. പരീക്ഷയിൽ തോൽവി സംഭവിച്ച വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസത്തിന് നീക്കിവച്ച 40-ലക്ഷം രൂപയിൽ ചെലവഴിച്ചത് കേവലം 50,000 രൂപ മാത്രമാണ്. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാരിൽ ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങാൻ വകയിരുത്തിയ തുക പോലും പൂർണ്ണമായി വിനിയോഗിക്കാൻ ഈ സർക്കാരിന് കഴിഞ്ഞി ട്ടില്ല. കേന്ദ്ര ഗവൺമെന്റ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ചിട്ടുള്ള തുകയും സമയബന്ധിതമായി ചെലവഴി ച്ചിട്ടില്ല. കുളത്തുപ്പുഴ റെസിഡൻഷ്യൽ സ്കൂളിൽ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്താനായി വിനിയോഗിക്കേണ്ട ഫണ്ട് അവിടെ കമ്പി വേലി കെട്ടാനായി ഉപയോഗിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് ഈ വിഭാഗ ക്കാർക്ക് കിട്ടേണ്ടതായ ജോലി നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ലഭിച്ച 850 പരാതികളിൽ 341 എണ്ണത്തിൽ മാത്രമാണ് അന്വേഷണം പൂർത്തിയായിട്ടു ള്ളത്. ഇലക്ട്രിസിറ്റി വകുപ്പിൽ രാജീവ്ഗാന്ധി ഗ്രാമീൺ വിദ്യുത് യോജന പദ്ധതിയിൽപ്പെടുത്തി 343 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ച് ലിസ്റ്റു വരെ അപ്രൂവ് ചെയ്തിട്ടും നാളിതുവരെ ആ വർക്ക് ടെൻഡർ ചെയ്തിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ മുനിസിപ്പാലിറ്റികളിൽ

നടപ്പാക്കിയ എ.പി.ഡി.ആർ.പി. സ്കീമിന്റെ പുരോഗതി വ്യക്തമാക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പദ്ധതികൾ ഉത്ഘാടനം ചെയ്യുകയല്ലാതെ മറ്റൊന്നും ഈ ഗവൺമെന്റ് ചെയ്തിട്ടില്ല. എൽ.ടി. കണക്ഷൻ കൊടുക്കുന്നതനുസരിച്ച് എൽ.ടി. ലൈനും ഉണ്ടായാലേ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും പ്രസരണ-വിതരണ നഷ്ടം ഒഴിവാക്കാനും സാധിക്കുകയുള്ളൂ. വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പാരമ്പര്യേതര സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നില്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കെടുകാര്യസ്ഥതയിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. പാലക്കാട് ജില്ല സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. നെല്ലായിയിലെ പേങ്ങാട്ടിരിയിൽ കെ.എസ്.ഇ.ബി.യുടെ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീ. എം. ഹംസ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എസ്.സി/എസ്.ടി. വിഭാഗങ്ങളുടെ ഉന്നമനത്തിനുള്ള ശ്രമമാണ് ഈ സർക്കാർ നടത്തുന്നത്. സംസ്ഥാനത്ത് പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ 17,000 -ത്തോളം കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനും ഭക്ഷണം, താമസ സൗകര്യങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ച സർക്കാരിനെ അഭിനന്ദിക്കുകയാണ്. 2002-03, 2004-05 വർഷങ്ങളിൽ എസ്.സി/എസ്.ടി. വിഭാഗങ്ങൾക്കുവേണ്ടി കേന്ദ്രത്തിൽ നിന്ന് അധിക സഹായമായി 650 കോടി രൂപയോളം ലഭിച്ചുവെങ്കിലും 41 ലക്ഷം രൂപ മാത്രമേ കഴിഞ്ഞ സർക്കാരിന് ചെലവഴിക്കാൻ സാധിച്ചുള്ളൂ. ആ തുക മുഴുവനും ചെലവഴിച്ചത് ഈ സർക്കാരാണ്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും അയ്യൻകാളി

മെമ്മോറിയൽ സ്പോർട്ട്സ് സ്കൂളും ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചു. ഈ സ്പോർട്ട്സ് സ്കൂൾ 100 ശതമാനം വിജയം കൈവരിക്കുകയും മികവിന്റെ കേന്ദ്രമായി മാറുകയും ചെയ്തിട്ടുണ്ട്. ഈ സ്കൂളിലെ കുട്ടിക്ക് ദേശീയ ഗെയിംസിൽ സ്വർണ്ണപ്പതക്കം കിട്ടി യെന്നുള്ളത് പ്രശംസനീയമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് ത്രിതല പഞ്ചായത്തിൽക്കൂടി അനുവദിച്ച 132.95 കോടി രൂപ വകമാറ്റി ചെലവഴിച്ചത് കുറ്റകരമായ അനാസ്ഥയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എസ്.സി. വിഭാഗത്തിന് അനുവദിച്ച തുകയുടെ 96.29 ശതമാനവും എസ്.ടി. വിഭാഗത്തിന് അനുവദിച്ച തുകയുടെ 97.59 ശതമാനവും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. എസ്.സി/എസ്.ടി. വിഭാഗങ്ങൾ സഹകരണ ബാങ്കിലുൾപ്പെടെ വായ്പയെടു ത്തിരുന്ന 25,000 രൂപ വരെ എഴുതിത്തള്ളിയത് അഭിനന്ദനാർഹമാണ്. കാര്യക്ഷമതയോടുകൂടി പ്രവർത്തിച്ചതുകൊണ്ടാണ് പവർകട്ട് ഇല്ലാത്ത സംസ്ഥാനമായി കേരളം മാറിയത്. വൈദ്യുതി സംരക്ഷണത്തിന് കേന്ദ്ര അവാർഡ് ആദ്യമായി ലഭിച്ചത് കേരളത്തിനാണ്. വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ സർക്കാർ സ്വീകരിച്ച നടപടികളോട് ജനങ്ങൾ സഹകരിച്ചതിന്റെ ഫലമായി 180 മെഗാവാട്ട് വൈദ്യുതി ലാഭിക്കാനും പ്രസരണ നഷ്ടം കുറയ്ക്കാനും സാധിച്ചു. 1800 കോടി രൂപ ചെലവഴിച്ച് 207 സബ്സ്റ്റേഷനുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം 14.5 ലക്ഷം വൈദ്യുതി കണക്ഷനുകൾ നൽകി. കേന്ദ്ര പൂളിൽനിന്നും ലഭിക്കേണ്ട വൈദ്യുതി വിഹിതം വെട്ടിക്കുറച്ച സാഹചര്യത്തിൽപോലും ലോഡ് ഷെഡ്ഡിംഗും പവർ കട്ടും ഏർപ്പെടു ത്തിയില്ല. കഴിഞ്ഞ സർക്കാർ ഏർപ്പെടുത്തിയ സർച്ചാർജ് ഒരു കോടിയോളം

രൂപയുടെ നഷ്ടം സഹിച്ചാണെങ്കിൽപോലും ഈ സർക്കാർ പിൻവലിച്ചു. ഇടുക്കിയിലെ മൂലമറ്റം പവർ ഹൗസിന്റെ റിപ്പയറിംഗ് ജോലികൾ റിക്കോർഡ് വേഗത്തിൽ പൂർത്തിയാക്കി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. ഇൻഫർമേഷൻ ടെക്നോളജിയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വൈദ്യുതി രംഗത്ത് പുത്തൻ ഗവേഷണങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പ്രധാനപ്പെട്ട പട്ടണങ്ങളിൽ അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കണം.

ശ്രീ. തോമസ് ചാഴികാടൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച തുകപോലും പൂർണ്ണമായി വിനിയോഗിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികൾ നടപ്പാക്കുന്ന തിൽ വന്നിട്ടുള്ള വീഴ്ചകൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 20 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകുന്ന തിനുവേണ്ടി ടി.എസ്.പി. യിലുൾപ്പെടുത്തി കോട്ടയം മെഡിക്കൽ കോളേജിൽ ആരംഭിച്ച നഴ്സിംഗ് സ്കൂളിനാവശ്യമായ സ്കൂൾ കെട്ടിടം, വാഹനം, ലൈബ്രറി, ലബോറട്ടറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാത്ത തിനാൽ ദേശീയ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യവും ഏർപ്പെടുത്തിയിട്ടില്ല. ഇതിനു വേണ്ടി ചേർന്ന പ്രത്യേക യോഗത്തിൽ 2 കോടി രൂപ അനുവദിക്കാമെന്ന് പറഞ്ഞെങ്കിലും 1 കോടി 70 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. 1.50 കോടി രൂപ കൂടി അനുവദിച്ച് അടിസ്ഥാന സൗകര്യങ്ങൾ

ഏർപ്പെടുത്താനും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ദേശീയ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണം. വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. ഇപ്പോഴും കേരളം വൈദ്യുതി ക്ഷാമം നേരിടുകയാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതിയുടെ ഇൻസ്റ്റാൾഡ് കപ്പാസിറ്റി 41 മെഗാവാട്ട് മാത്രമേ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുള്ളൂ. എന്നാൽ ഐ.ടി. പാർക്കുകളുൾപ്പെടെ പുതുതായി വരാൻ പോകുന്ന പല പദ്ധതികൾക്കുമായി ആയിരത്തിലധികം മെഗാവാട്ട് വർദ്ധിത വൈദ്യുതി വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്. അപ്രഖ്യാപിത പവർകട്ട് ഉണ്ടാകുന്നുണ്ട്. പുതിയ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ തയ്യാറാകണം.തടി പോസ്റ്റുകൾ സ്ഥാപിച്ച് പാടശേഖരങ്ങളിലെ വൈദ്യുതി പ്രശ്നത്തിന് പരിഹാരമുണ്ടാക്കുകയും വളരെ താഴ്ന്നു കിടക്കുന്ന വൈദ്യുതി ലൈനുകളിൽ നിന്നുമുണ്ടാകുന്ന അപകടങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനുള്ള നടപടികളെടുക്കുകയും വേണം.

ശ്രീ. എൻ. രാജൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഴിമതിയും കെടുകാര്യസ്ഥതയും സാമ്പത്തിക അച്ചടക്കമില്ലായ്മയും നിലനിന്നിരുന്ന പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ക്ഷേമപ്രവർത്തനം നടത്തിയതിൽ കേരളം മാതൃകയാണെന്ന് കേന്ദ്ര പട്ടികജാതി/പട്ടികവർഗ്ഗ വികസന കമ്മീഷൻ പത്രസമ്മേളത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏറിയപങ്കും നടപ്പിലാക്കുകയും എസ്.സി./എസ്.ടി. വിഭാഗക്കാരുടെ വിദ്യാഭ്യാസത്തിനായി കൂടുതൽ തുക

ചെലവഴിക്കുകയും ചെയ്തു. വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യങ്ങളും മെസ് അലവൻസും വർദ്ധിപ്പിച്ചിട്ടുണ്ട്. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ മുഴുവൻ ചെലവും സർക്കാർ വഹിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട് ഗ്രാമപഞ്ചായത്തുകളും പട്ടികജാതി വികസന വകുപ്പും ഐ.ടി.ഡി.പി.യുമായി ചേർന്ന് പ്രാക്തന ഗോത്ര വിഭാഗങ്ങൾക്ക് ആരോഗ്യ പരിരക്ഷ, വീട്, കുടിവെള്ളം, വൈദ്യുതി എന്നിവയ്ക്കുള്ള ഒരു പാക്കേജുണ്ടാക്കി കോർപ്പസ് ഫണ്ട് ചെലവഴിക്കണം. മിശ്രവിവാഹിതരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിലെ അപാകതകൾ പരിഹരിക്കാൻ ശ്രമം നടത്തണം. ഉല്പാദനം വർദ്ധിപ്പിച്ചും പ്രസരണ നഷ്ടം കുറച്ചും വൈദ്യുതി വിതരണം കാര്യക്ഷമമാക്കിയിരിക്കുകയാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളം വൈദ്യുതി സംരക്ഷണത്തിൽ വളരെ മുന്നിലാണ്. പീക് ലോഡ് സമയത്ത് 150 മെഗാവാട്ട് വൈദ്യുതി വരെ ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്കും ബി.പി.എൽ-കാർക്കും സൗജന്യമായി 10 ലക്ഷം സി.എഫ്.ലാമ്പുകൾ കൊടുത്തതും ബാക്കിയുള്ളവർക്ക് 15 രൂപ നിരക്കിൽ നാല് സി.എഫ്.ലാമ്പുകൾ കൊടുക്കാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതും സ്വാഗതാർഹമാണ്. മുഴുവൻ ഗാർഹിക കണക്ഷനുകൾക്കും 15 രൂപ നിരക്കിൽ സി.എഫ്.ലാമ്പുകൾ കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി തയ്യാറാക്കണം. ആന്റി തെഫ്റ്റ് സ്ക്വാഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി വൈദ്യുതി മോഷണം ഫലപ്രദമായി തടഞ്ഞതിന്റെ ഫലമായി 74 കോടി രൂപയുടെ വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്.

<u>ശ്രീ. യു. സി. രാമൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ ദളിത് വിഭാഗത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കണം. എസ്.സി/എസ്.ടി. വിഭാഗക്കാരുടെ 25,000 രൂപ വരെയുള്ള കാലാവധി കഴിഞ്ഞ വായ്പകൾ എഴുതിത്തള്ളുന്നതിനുവേണ്ടി കോർപ്പസ് ഫണ്ടിൽ നിന്നും തുക നീക്കിവയ്ക്കുമ്പോൾ പ്രസ്തുത വകുപ്പുകൾവഴി നടത്തുന്ന പ്രവർത്തനങ്ങൾ പൂർണ്ണമായും നിശ്ചലമാകും. എസ്.സി/എസ്.ടി വിഭാഗങ്ങൾക്കുവേണ്ടി പ്രത്യേക ശ്മശാനങ്ങളുണ്ടാക്കുന്നതിന് നടപടി യെടുക്കണം. എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളേയും സ്വാശ്രയമേഖലയിലുൾപ്പെടെ സൗജന്യമായി പഠിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കണം. ഈ വിഭാഗങ്ങൾക്കുനേരെയുള്ള അതിക്രമം അവസാനിപ്പിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ സഹായം യഥാസമയം ലഭ്യമാക്കണം. വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് വിതരണം ചെയ്യാനും ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കണം. ഹോസ്റ്റലുകളിൽ വാർഡൻമാരെ നിയമിക്കുകയും വാർഡന്റേയും വാച്ച്മാന്റേയും ജോലി സമയം നിജപ്പെടുത്തുകയും ചെയ്യണം. എസ്.സി..ഡി.ഡി.ഒ.(ഷെഡ്യൂൾഡ് കാസ്റ്റ് ഡിസ്ട്രിക്ട് ഡെവലപ്മെന്റ് ഓഫീസർ)മാർക്ക് വാഹന സൗകര്യമേർപ്പെടുത്തണം. വീട് നിർമ്മാണത്തിന് ഒന്നര ലക്ഷം രൂപയും റിപ്പെയർ ചെയ്യുന്നതിന് 25,000 രൂപയും വിവാഹത്തിന് 25000 രൂപയും ധനസഹായം നൽകണം. വിദേശത്ത് ജോലി തേടി പോകുന്നതിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ചെറുപ്പക്കാർക്ക് 50000 രൂപ നൽകാനുള്ള നടപടിയുണ്ടാകണം. പട്ടികജാതി വികസന ഡിപ്പാർട്ട്മെന്റിന്റേയും ത്രിതല പഞ്ചായത്തുകളുടേയും കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും

പൂർത്തിയാകാതെ കിടക്കുന്ന കുടിവെള്ള പദ്ധതികൾ എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കണം. എസ്. സി. പ്രൊമോട്ടർമാരുടെ വേതനം 5,000 രൂപയാക്കി വർദ്ധിപ്പിക്കണം.

ശ്രീ. ജോസ് തെറ്റയിൽ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് പട്ടികജാതി വികസന വകുപ്പിന് അനുവദിച്ച ഫണ്ട് കൃത്യമായി വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണവും ഫണ്ടിന്റെ വിനിയോഗവും തമ്മിൽ പൊരുത്തക്കേട് ഉണ്ടാകാറുണ്ട്. നാഷണൽ കമ്മീഷന്റെ ഷെഡ്യൂൾഡ് കാസ്റ്റ്സ് സർവ്വേയിൽ വിദ്യാഭ്യാസ രംഗത്ത് ഇത്രയേറെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള മറ്റൊരു സംസ്ഥാനവും ഇന്ത്യയിൽ ഇല്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഊർജ്ജോൽപാദനത്തിലും വിതരണത്തിലും കേരളത്തിൽ മാത്രമല്ല രാജ്യമൊട്ടാകെ പ്രതിസന്ധി നേരിടുകയാണ്. വൈദ്യുതോൽപാദനത്തിലും പ്രസരണത്തിലും വിതരണത്തിലും ബെസ്റ്റ് ഫിസ്ക്കൽ പർച്ചേസ് നടത്താനും പ്രസരണ-വിതരണ മേഖലയിലുള്ള നഷ്ടം കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി വാങ്ങിയതിലുണ്ടായ ബാധ്യത ഫലപ്രദമായ ധനകാര്യ മാനേജ്മെന്റിലൂടെ കുറയ്ക്കാൻ കഴിഞ്ഞു. നിലവിലുള്ള പദ്ധതികളുടെ റിനോവേഷനും മോഡേണൈസേഷനും നടത്തണം. ഡീസിൽറ്റിംഗ് നടത്തിയാൽ ഇടുക്കി, പള്ളിവാസൽ എന്നീ വൈദ്യുതി നിലയങ്ങളിലെ ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിയും. 2008 സെപ്റ്റംബർ വരെയുള്ള എല്ലാ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ കൊടുക്കാൻ കഴിഞ്ഞതും

സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കികൊണ്ടിരിക്കുന്നതും സർക്കാരിന്റെ പ്രശംസനീയമായ നടപടികളാണ്.

<u>ശ്രീ. കെ. കെ.ഷാജു :</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ഒട്ടനേകം പദ്ധതികൾ കേരളത്തിലെ പിന്നോക്ക വിഭാഗ ങ്ങൾക്കും എസ്.സി./എസ്.ടി വിഭാഗങ്ങൾക്കും ആവിഷ്ക്കരിച്ചെങ്കിലും അവയൊന്നും അവരുടെ പുരോഗതിക്ക് പര്യാപ്തമായില്ല. എസ്.സി/എസ്.ടി കോളനികളുടെ ശോച്യാവസ്ഥ പരിഹരിക്കണം. ഹൗസിംഗ് ബോർഡ്, നിർമ്മിതി കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങൾക്ക് സർക്കാർ 35 കോടി രൂപ നൽകിയെങ്കിലും സമയബന്ധിതമായി വീട് നിർമ്മാണം പൂർത്തിയാ ക്കിയിട്ടില്ല. പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിൽ ഭക്ഷ്യവിഷബാധ ഉണ്ടായപ്പോൾ സർക്കാരിന്റെ ഭാഗത്തുനിന്നും നിരുത്തരവാദപരമായ സമീപനമാണുണ്ടായത്. കോർപ്പസ് ഫണ്ടിൽ നിന്നുമുള്ള ധനസഹായം വിവേചനം കൂടാതെ എസ്.സി./എസ്.ടി വിഭാഗങ്ങളുടെ എല്ലാ ഭവനനിർമ്മാണ പദ്ധതികൾക്കും നൽകാൻ നടപടികൾ സ്വീകരിക്കണം. സമ്പൂർണ്ണ ഭവന പദ്ധതിപ്രകാരമുള്ള വീടുകൾക്ക് വയറിംഗ് ചെയ്തുകൊടു ക്കാനുള്ള നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിക്കണം. അവ്യക്തത പരിഹരിച്ച് 2009 മാർച്ച് 31 കട്ട് ഓഫ് ഡേറ്റായി പ്രഖ്യാപിച്ചുകൊണ്ട് എസ്. സി./എസ്.ടി ജനവിഭാഗങ്ങളുടെ കടം എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. സി.കെ.പി.പത്മനാഭൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ ഇതുവരെയുണ്ടായിട്ടുള്ള ഇടതുപക്ഷ സർക്കാരുകൾ മാത്രമാണ് എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഒരളവുവരെ

പരിഹരിച്ചിട്ടുള്ളത് എസ്.സി./എസ്.ടി കുട്ടികളുടെ എസ്.എസ്.എൽ.സി. വിജയശതമാനം ഉയർത്താനും സാധിച്ചു. എം.ബി.ബി.എസ്. പോലുള്ള കോഴ്സുകളിലെ പ്രവേശനത്തിനായി കട്ട് ഓഫ് മാർക്ക് 40 ശതമാനമായി നിജപ്പെടുത്താനും സാധിച്ചു. ഇതിന്റെ ഫലമായി അർഹതപ്പെട്ട വിദ്യാർത്ഥി കൾക്ക് പ്രൊഫഷണൽ മേഖലയിലേയ്ക്ക് കടന്നുവരാൻ കഴിയും. ലാസ്റ്റ് ഗ്രേഡ്, എൻ.ജി.ഒ., ഗസറ്റഡ് തസ്തികകളിൽ എസ്.സി./എസ്.ടി. വിഭാഗത്തി ലുള്ള ജീവനക്കാരിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു. ശിശുമരണ നിരക്ക് കുറയ്ക്കാനും പ്രത്യേക ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കാനും സാധിച്ചു. വീട് നിർമ്മാണത്തിനുള്ള തുക 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മെസ് ഫീസ് വർദ്ധി പ്പിക്കാനും ഹോസ്റ്റലുകൾ നവീകരിക്കാനും നടപടി സ്വീകരിച്ചു. വിദ്യാർത്ഥി കൾക്ക് ഉപരിപഠനത്തിന് സാമ്പത്തിക സഹായം നൽകാൻ തീരുമാനിച്ചു. അന്യസംസ്ഥാനത്ത് പഠിക്കുന്ന കുട്ടികളുടെ സ്റ്റൈപന്റ് എ.റ്റി.എം. വഴി നൽകുന്ന രീതി എല്ലാ ജില്ലകളിലും നടപ്പാക്കാൻ നടപടി സ്വീകരിക്കണം. മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാ ണെങ്കിൽ അവരുടെ കുട്ടികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചു. ഇൻഡ്യയ്ക്ക് തന്നെ മാതൃക യാകുന്ന ഏറ്റവും നല്ല ട്രൈബൽ കോളനി ആറളത്ത് വരാൻ പോവുകയാണ്. സംസ്ഥാനത്ത് പട്ടികജാതി കമ്മീഷന് രൂപം നൽകി. ഈ വിഭാഗത്തെ സഹായിക്കുന്ന പ്രൊമോട്ടർമാർക്ക് ആവശ്യമായ ട്രെയിനിംഗ് കൊടുക്കാൻ നടപടി സ്വീകരിക്കണം. ഭൂമി വിതരണത്തിൽ പുതിയ നിലപാട് സ്വീകരിച്ചുകൊണ്ടു രണ്ടായിരത്തോളം പട്ടയങ്ങൾ നൽകാൻ സാധിച്ചു. വടക്കേ മലബാറിൽ മിച്ച ഭൂമിയാണെന്ന് തിരിച്ചറിയാതെ കൈവശംവച്ചു

വരുന്ന ഭൂമിക്ക് പട്ടയം ലഭിച്ചവരുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ വിതരണം ചെയ്ത മിച്ചഭൂമിയിൽ പരിവർത്തനം നടത്താനുള്ള സാമ്പത്തിക സഹായം നൽകണം. മുൻകാലങ്ങളിൽ അനുവദിക്കപ്പെട്ട വായ്പകൾ ഉപയോഗപ്പെടുത്തിയതിനെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം. ഇവർക്കു നേരെയുണ്ടാകുന്ന ജാതീയ വിവേചനം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. എസ്.ടി. വിഭാഗത്തിനുള്ള സൗജന്യ ചികിൽസാനുകൂല്യം വരുമാന പരിധിവച്ച് എസ്.സി. വിഭാഗത്തിനും കൊടുക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഈ രംഗത്തെ ഫണ്ട് വിനിയോഗത്തിലും മറ്റും നടന്നിട്ടുള്ള ക്രമക്കേടുകളെപ്പറ്റിയുള്ള വിജിലൻസ് അന്വേഷണം ത്വരിതപ്പെടുത്തി കുറ്റവാളികളെ നിയമത്തിന് മുന്നിൽകൊണ്ടുവരാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഉന്നമനത്തിനായി നല്ല രീതിയിലുള്ള പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തിയിട്ടുള്ളത്. ഫണ്ട് വിനിയോഗിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പ് വളരെ ശ്രദ്ധിക്കുന്നുണ്ട്. പദ്ധതി വിഹിതത്തിനുള്ള തുകയുടെ വിനിയോഗത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞ മൂന്നു വർഷംകൊണ്ട് സാധിച്ചു. സഹകരണ വായ്പ എഴുതിതള്ളാൻ നടപടി സ്വീകരിച്ചു. എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഭൂമിയും വീടും നൽകുക എന്നുള്ള ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വരുന്ന രണ്ടുവർഷത്തിനുള്ളിൽ ഈ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും സ്വന്തമായി ഭൂമിയും വീടും എന്ന സ്വപ്നം യാഥാർത്ഥ്യമാകും. ചെങ്ങറ സമരം അവസാനിപ്പിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണം. ഭവന നിർമ്മാണത്തിനുള്ള തുക പട്ടികജാതി വിഭാഗത്തിന്

ഒന്നര ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് രണ്ട് ലക്ഷം രൂപയുമായി വർദ്ധിപ്പിക്കണം. പട്ടികജാതി വികസന വകുപ്പും പഞ്ചായത്തുകളും ചേർന്ന് ഐ.എ.വൈ. പദ്ധതി പ്രകാരം 131,406 വീടുകൾ നിർമ്മിച്ചു നൽകി. പട്ടിക ജാതി കോളനികൾ നവീകരിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്ക്ക രിക്കണം. ചികിൽസാ ധനസഹായം വർദ്ധിപ്പിക്കാൻ സാധിച്ചു. മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാ ണെങ്കിൽ അവരുടെ കുട്ടികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിച്ചു. വിധവകളെ പുനരധിവസിപ്പിക്കുന്നതിനും അവിവാഹിതരായ അമ്മമാർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കിർത്താർഡ്സിന് അപ്പീൽ നൽകുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. സി. കുഞ്ഞിരാമൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗക്കാരെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവ രാനുള്ള ശ്രദ്ധേയമായ പല നടപടികളും ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്. ഭൂപരിഷ്ക്കരണ നിയമത്തിന്റെ പ്രയോജനം കേരളത്തിലെ ഭൂരിപക്ഷം വരുന്ന പട്ടികജാതി-പട്ടികവർഗ്ഗവിഭാഗക്കാർക്ക് ഇനിയും ലഭിച്ചിട്ടില്ല. ആദിവാസികളെ ഭൂ ഉടമകളാക്കി ജീവിത നിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞാൽ മാത്രമേ അവരുടെ ആയുർദൈർഘ്യം വർദ്ധിക്കുകയുള്ളൂ. ആദിവാസികൾക്ക് ഭൂമി നൽകാനായി 1975-ൽ കൊണ്ടുവന്ന കേന്ദ്ര നിയമം സംസ്ഥാനത്തും പൂർണ്ണ തോതിൽ നടപ്പാക്കണം. റവന്യൂ, വനം, പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം എന്നീ വകുപ്പുകൾ സംയുക്തമായി ചേർന്ന് വനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാര്യത്തിൽ ധാരാളം നല്ല കാര്യങ്ങൾ ചെയ്യാൻ ഈ വകുപ്പിന് കഴിഞ്ഞിട്ടുണ്ട് അധ്യയനവർഷം ആരംഭി

ക്കുന്നതിനുമുമ്പ് മുഴുവൻ ട്രൈബൽ ഹോസ്റ്റലുകളുടെയും ശോചനീയാവസ്ഥയ്ക്ക് പരിഹാരം കാണാനുള്ള നടപടികൾ ഈ ഗവണ്മെന്റ് സ്വീകരിച്ചു. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി എം.ബി.ബി.എസ്.-നും ബി.ഡി.എസ് -നും അർഹതപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭ്യമാക്കി. നോർത്ത് വയനാട് മണ്ഡലത്തിൽ ജില്ലാ -ബ്ളോക്ക്-ഗ്രാമപഞ്ചായത്തുകളും ട്രൈബൽ ഡിപ്പാർട്ട്മെന്റും ചേർന്ന് 16 കോടി രൂപ ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ട് മെറ്റീരിയൽസിന്റെ അഭാവം പറഞ്ഞ് യു.ഡി.എഫ് ഭരണകാലത്ത് കണക്ഷൻ കൊടുക്കാതിരുന്നത് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന് ഒരു വർഷത്തിനകം ഡെപ്പോസിറ്റ് ചെയ്ത മുഴുവൻ വർക്കുകൾക്കും കണക്ഷൻ കൊടുത്തു.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗവണ്മെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ നല്ലതായി കാണാനുള്ള ആർജ്ജവം പ്രതിപക്ഷം കാണിക്കണം. എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത കൂടി ഗവണ്മെന്റ് ഭാഗത്തുനിന്നും ഉണ്ടാകണം. സെപ്റ്റംബർ അവസാനത്തോടുകൂടി കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലം പൂർണ്ണമായി വൈദ്യുതീകരിക്കപ്പെടും. കൽക്കരിയിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം ഒഴിവാക്കി കൺവെൻഷണൽ എനർജി ഉൽപ്പാദനം പ്രോൽസാഹിപ്പിക്കണം.പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. ജനങ്ങളുടെ ഇംഗിതം മനസ്സിലാക്കി പ്രവർത്തിക്കാൻ ഗവണ്മെന്റ് ഉദ്യോഗസ്ഥർ തയ്യാറാകണം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രകാശപൂരിതമായ നവകേരളം സൃഷ്ടിക്കുന്നതിനായി പ്രതിബദ്ധത

യോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തനങ്ങൾ മാതൃകാപരമായിരുന്നു. വൈദ്യുതി ഉപഭോഗത്തിനനുസരിച്ച് രാജ്യത്ത് ഉല്പാദനം നടക്കുന്നില്ല. ദേശീയതലത്തിൽ വൈദ്യുതിദൗർലഭ്യം അനുഭവപ്പെടുമ്പോൾ അതിന്റെ ദുർവിനിയോഗം ശരിയല്ല. വൈദ്യുതി ദീപാലങ്കാരം നിരോധിക്കുന്നതിന് നടപടി സ്വീകരിക്കണം. കമ്മി സംസ്ഥാനമായ കേരളത്തിൽ . ലഭ്യമായിട്ടുള്ള എല്ലാ സ്രോതസ്സുകളേയും ഉപയോഗപ്പെടുത്തി വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയണം. ഊർജ്ജ സംരക്ഷണത്തിന് പ്രാധാന്യം കൊടുക്കണം. കൽക്കരി മേഖലയിലെ സ്വകാര്യവത്ക്കരണം ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉല്പാദന, പ്രസരണ, വിതരണ മേഖലകളിലെല്ലാം വമ്പിച്ച നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞു. തൃക്കരിപ്പൂർ മണ്ഡലത്തിൽ 2400 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന തരത്തിൽ ഒരു മെഗാ പ്ളാന്റ് സ്ഥാപിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നത് സ്വാഗതാർഹമാണ്.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധി മറികടക്കുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും മാതൃകാപരമായ ഊർജ്ജ മാനേജ്മെന്റിനുള്ള നടപടി സ്വീകരിക്കുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ ദീർഘവീക്ഷണത്തോടുകൂടിയുള്ള നടപടികൾ സ്വീകരിച്ചു. മുടങ്ങിക്കിടന്ന വൈദ്യുത പദ്ധതികൾ പൂർത്തിയാക്കാൻ തീരുമാനിച്ചു. ചെറുകിട വൈദ്യുത പദ്ധതികളിലൂടെ 100 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ പോകുകയാണ്. 10 വർഷംകൊണ്ട് 3000

മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഒറീസ, ഗുജറാത്ത്, കേരളം എന്നീ സംസ്ഥാനങ്ങൾ സംയുക്തമായി ഒറീസയിലെ വൈതരണിയിൽ കൽക്കരിപ്പാടം ആരംഭിച്ച് 1000 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ കൽക്കരി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയാണ്. കെ.എസ്.ഇ.ബി.യും കെ.എസ്.ഐ.ഡി.സി.യും സംയുക്തമായി കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 1400 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന ഒരു സൂപ്പർ കൽക്കരി നിലയം ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വൈദ്യുത മേഖലയിൽ ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി ഊർജ്ജ സംരക്ഷണത്തിന് കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ ആദ്യത്തെ ദേശീയ അവാർഡ് കരസ്ഥമാക്കാൻ ഈ വകുപ്പിന് കഴിഞ്ഞു. ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ബി.പി.എൽ വിഭാഗത്തിന് സൗജന്യമായും മറ്റുള്ളവർക്ക് 15 രൂപ നിരക്കിലും നാല് സി.എഫ്.എൽ ലാമ്പുകൾ വിതരണം ചെയ്യാൻ തുടങ്ങിയിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പതിമൂന്നര ലക്ഷം പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്; അവശേഷിക്കുന്ന 75,000 പേർക്ക് ഒരു നിശ്ചിത സമയത്തിനുള്ളിൽ കണക്ഷൻ കൊടുക്കുന്നതാണ്. പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച സബ്സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തോട് കാണിക്കുന്ന അവഗണനയുടെ ഫലമായിട്ടാണ് വൈദ്യുതി വിഹിതത്തിൽ വൻകുറവ് വരുത്തിയിരിക്കുന്നത്. കെ.എസ്.ഇ.ബി.യെ ഒറ്റ യൂണിറ്റാക്കി പൊതുമേഖലയിൽ നിലനിറുത്തിക്കൊണ്ടുപോകുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ വിവിധ വിഭാഗം ജനങ്ങൾക്ക് നൽകിവരുന്ന സബ്സിഡിയും സൗജന്യവും നിലനിറുത്തു

കയും ഈ മേഖലയിലെ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുകയും വേണം. പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങൾക്കു വേണ്ടി നിരവധി ക്ഷേമ പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ മെസ് ഫീ വർദ്ധിപ്പിക്കുന്നതിനും ഹോസ്റ്റലുകളിൽ ഉപദേശക സമിതി രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കോടിക്കണക്കിന് രൂപയുടെ ചികിത്സാ സഹായം അനുവദിക്കുന്നതിനും അയ്യൻകാളി ഭവന നിർമ്മാണ പദ്ധതി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിച്ചു.

ശ്രീ. പി. ജയരാജൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈദ്യുതി മേഖലയിൽ ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുകയറ്റമില്ലാതെ ഉല്പാദനക്ഷമത വർദ്ധിപ്പിച്ചും സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കിയുമാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ വൈദ്യുതി ക്ഷാമത്തെ നേരിട്ടത്. കോഴിക്കോട് ഡീസൽ വൈദ്യുതി നിലയം, കായംകുളം താപവൈദ്യുതി നിലയം എന്നിവ ആരംഭിച്ചും കാലഹരണപ്പെട്ട പദ്ധതികൾ നവീകരിച്ചും 1093 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും കാര്യക്ഷമമായി വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്ത മന്ത്രിയെ പ്രതിക്കൂട്ടിലാക്കാനാണ് യു.ഡി.എഫ്. ശ്രമിക്കുന്നത്. എസ്.എൻ.സി. ലാവ്ലിൻ കമ്പനിയുമായുള്ള കരാറിൽ ആദ്യം ഏർപ്പെട്ടതിന്റേയും മലബാർ ക്യാൻസർ സെന്ററിന് കിട്ടാനുണ്ടായിരുന്ന ബാക്കി തുക കിട്ടാതാക്കിയതിന്റേയും ഉത്തരവാദിത്വം അന്ന് കേരളം ഭരിച്ചിരുന്ന

യു.ഡി.എഫ്. ഗവൺമെന്റിനാണ്. പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിലും ഊർജ്ജ മേഖലയിലും ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും പ്രശംസ അർഹിക്കുന്നതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മലബാർ ക്യാൻസർ സെന്ററിനുവേണ്ടി കിട്ടിയ തുക നിക്ഷേപിക്കുന്നതിന് ട്രഷറിയിൽ അക്കൗണ്ട് തുടങ്ങാതിരുന്നത് പ്രതിഷേധാർഹമാണ്. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ മുന്നണിക്ക് തോൽവിയുണ്ടാകാൻ കാരണം പി.ഡി.പി. ബന്ധവും എസ്എൻസി ലാവ്ലിൻ പ്രശ്നവുമാണെന്ന് പറഞ്ഞത് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനാണ്. ഹൈഡൽ പ്രോജക്ടുകളിൽനിന്ന് വൻതോതിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുമായിരുന്ന വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനു പകരം കേന്ദ്ര വിഹിതം കിട്ടാത്തതു കൊണ്ടാണ് ഇവിടെ വൈദ്യുതിക്ഷാമം അനുഭവപ്പെടുന്നതെന്നാണ് പറയുന്നത്. കേരളത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനു പകരം കുറയ്ക്കുന്നതിനാണ് നടപടി സ്വീകരിക്കേണ്ടത്. ചെങ്ങറയിലെ പട്ടിണിപ്പാവങ്ങളായ ആദിവാസികൾക്ക് ഭൂമി കൊടുക്കാൻ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ):</u> ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ അംഗീകരിക്കുന്നു. കേന്ദ്രത്തിൽ നിന്ന് കിട്ടുന്ന പ്ലാൻ ഫണ്ട് യഥാസമയം വിനിയോഗിക്കാൻ കഴിയാതെ വരുന്ന അവസ്ഥയ്ക്ക് ഇപ്പോൾ മാറ്റം വന്നിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 62 ശതമാനം മുതൽ 72 ശതമാനം വരെയായിരുന്ന പ്ലാൻ എക്സ്പെൻഡിച്ചർ ഇപ്പോൾ 97 ശതമാനത്തിലേയ്ക്ക് എത്തിക്കാനും സമയബന്ധിതമായി കേന്ദ്ര സർക്കാരിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്

കൊടുക്കാനും കഴിഞ്ഞതിനാൽ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് പൂർണ്ണമായി ഉപയോഗിക്കാൻ കഴിഞ്ഞു. പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ കഴിയാത്തതിനാൽ ഒരു ഗവൺമെന്റിന്റെ കാലത്തും ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ലാത്ത നോഷണൽ ഫണ്ടിന്റെ കാര്യം പ്ലാനിംഗ് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി അവരുടെ ശുപാർശപ്രകാരം ആ ഫണ്ട് പരിപൂർണ്ണമായും എസ്.സി/എസ്.ടി വകുപ്പിന് ലഭ്യമാക്കാമെന്ന് ധനകാര്യ വകുപ്പ് സമ്മതിച്ചിട്ടുണ്ട്. ആ ഇനത്തിൽ ഈ വർഷം 90 കോടി രൂപ നേടിയെടുക്കാൻ ഈ വകുപ്പിന് കഴിഞ്ഞു. എസ്.സി./എസ്.ടി വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റും പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 246 ഹോസ്റ്റലുകളുണ്ടായിരുന്നതിൽ 86 ഹോസ്റ്റലുകളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നതെങ്കിൽ ഇപ്പോൾ 38 ഹോസ്റ്റലുകൾക്കു മാത്രമേ സ്വന്തമായി കെട്ടിടം ഇല്ലാതെയുള്ളൂ. 27 ഹോസ്റ്റലുകൾ പുതുതായി തുടങ്ങുകയും മറ്റ് ഹോസ്റ്റലുകളിൽ നവീകരണം നടന്നുകൊണ്ടിരിക്കുകയുമാണ്. ഹോസ്റ്റലടിസ്ഥാനത്തിൽ അഡ്വൈസറി കമ്മിറ്റികൾ രൂപീകരിച്ചു. എസ്.സി/എസ്.ടി. വിഭാഗത്തിന് എം.ബി.ബി.എസ്.-ന് പ്രത്യേകമായി എൻട്രൻസ് പരീക്ഷ നടത്തി സീറ്റ് ഉറപ്പുവരുത്തി. ഭൂമി കൈവശമുള്ള എല്ലാ എസ്.സി/എസ്.ടി. വിഭാഗക്കാർക്കും വീട് ലഭ്യമാക്കുന്നതിനും ആദിവാസി വിഭാഗക്കാരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിനും നടപടി സ്വീകരിച്ചു. ചീഫ് സെക്രട്ടറി ചെയർമാനായുള്ള റിവ്യൂ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ സർവ്വേ ജോലികൾ ഫലപ്രദമായി നടത്താൻ സാധിച്ചു. 2002-03-ൽ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസായി ലഭിച്ച 10 കോടി രൂപ ഉപയോ

ഗിച്ച് ആദിവാസി വിഭാഗക്കാർക്ക് സൗജന്യ ചികിൽസാപദ്ധതി ഏർപ്പെടുത്തി. ഇതിനുപുറമേ ദുരിതാശ്വാസ ഫണ്ടിൽ നിന്നും 12 കോടി രൂപ ഈ വിഭാഗക്കാർക്കായി അനുവദിച്ചിട്ടുണ്ട്. എല്ലാ എസ്.സി/എസ്.ടി. കോളനികളിലും ശുദ്ധജലവും വൈദ്യുതിയും എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മിശ്രവിവാഹിതരുടെ കുട്ടികൾക്കുള്ള ആനുകൂല്യം പുനഃസ്ഥാപിച്ചു. വർഷങ്ങളായി ഒ.ബി.സി. സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത വിഭാഗങ്ങൾക്ക് അത് കൊടുക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്. ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട കുടുംബി, പെരുവണ്ണാൻ എന്നീ വിഭാഗങ്ങളെ പട്ടികജാതി വിഭാഗത്തിൽപ്പെടുത്താനും കാസർഗോഡ് ജില്ലയിലെ മറാഠി വിഭാഗത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ഭൂ പരിഷ്കരണ നിയമത്തിന്റെ ഭാഗമായി ഭൂമി ലഭിക്കാത്ത പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് 5,000 കോടി രൂപയുടെ ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ചെങ്ങറ ഭൂ സമരവുമായി ബന്ധപ്പെട്ട പ്രശ്നം രമ്യമായി പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. നിയമാനുസൃതമല്ലാത്ത ഭൂമി ഏറ്റെടുക്കുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്ന ഭൂരഹിതരായ തൊഴിലാളികൾക്ക് ഭൂമി കൊടുക്കുന്ന കാര്യം ആലോചിച്ച് ചെയ്യുന്നതാണ്. കടാശ്വാസ പദ്ധതി പ്രകാരം, കടങ്ങൾക്ക് പലിശ, പിഴ പലിശ എന്നിവ പരിപൂർണ്ണമായും എഴുതിത്തള്ളുന്നതിനുള്ള ഒരു സ്കീം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. 25,000 രൂപയ്ക്ക് മുകളിലുള്ള കടങ്ങൾക്ക് പലിശയും പിഴ പലിശയും ഒഴിവാക്കി ഒൺ ടൈം സെറ്റിൽമെന്റ് പ്രകാരം അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതാണ്. കെ. ആർ. നാരായണന്റെ പേരിൽ 'കോ-ഓപ്പറേറ്റീവ് വില്ലേജ് സെറ്റിൽമെന്റ് പ്രോഗ്രാം'

എന്ന പദ്ധതിക്ക് രൂപം കൊടുക്കാൻ പോവുകയാണ്. ചിന്നക്കനാലിൽ എസ്.സി/എസ്.ടി./മറ്റ് വിഭാഗത്തിൽപെട്ട ബി.പി.എൽ. കുടുംബങ്ങളെയടക്കം ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുനരധിവാസ പദ്ധതി 200 ഏക്കറിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. അവിടെ 20 ഏക്കറിൽ വീടൊന്നിന് ശരാശരി ഒന്നര ലക്ഷം രൂപ ചെലവഴിച്ച് ഒരു ഹൗസിംഗ് കോംപ്ളക്സ് നിർമ്മിക്കാനും ബാക്കിയുള്ള സ്ഥലം വരുമാനമുണ്ടാക്കുന്ന പ്രവൃത്തികൾക്കായി നീക്കി വയ്ക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഈ വർഷം തന്നെ ഈ പദ്ധതി ആരംഭിക്കും. ഇതേ രൂപത്തിൽ പാലക്കാടും വയനാടും ഓരോ പദ്ധതികൾ കൂടി ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. ഭവന നിർമ്മാണ സഹായം എസ്.സി വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു ലക്ഷം രൂപയാക്കാനും എസ്.ടി. വിഭാഗക്കാർക്ക് ഒന്നേകാൽ ലക്ഷം രൂപയാക്കാനും ഉദ്ദേശിക്കുന്നുണ്ട്. എല്ലാ മുന്നോക്ക സമുദായത്തിലെ പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യവും മെസ് ചാർജ് ഒഴികെയുള്ള മറ്റ് അലവൻസുകളും വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്, മറ്റ് ആനുകൂല്യങ്ങൾ എന്നിവ അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് എത്തിക്കുന്ന ഇ-ഗ്രാന്റ് പദ്ധതി ഈ വർഷം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്ക് വിദേശത്ത് വിദ്യാഭ്യാസം നടത്തുന്നതിന് 5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ പകുതി സർക്കാരും ബാക്കിയുള്ള തുക 6 ശതമാനം പലിശ നിരക്കിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനും കൊടുക്കുന്നതാണ്. പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് ഫലപ്രദമാക്കുന്നതിനായി രണ്ട് കോടതികൾ മഞ്ചേരിയിലും കൽപ്പറ്റയിലും തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്. പട്ടികജാതി കോളനികളിലെ

സൗരോർജ്ജ വിളക്കുകൾ 5 കോടി രൂപ ഉപയോഗിച്ച് നന്നാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആറളം പുനരധിവാസ പദ്ധതി ഇൻഡ്യയ്ക്ക് മാതൃകയായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. നിർമ്മിതി അവിടെ അതിനുള്ള പണി ആരംഭിച്ചിട്ടുണ്ട്. പ്രാക്തന-ഗോത്ര വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നതാണ്. ഐ.ടി.സി.കളിൽ തൊഴിലധിഷ്ഠിത ട്രേഡുകൾ തുടങ്ങുന്നതിനും 41 ഐ.ടി.സി-കൾ നവീകരിക്കുന്നതിനും മുൻഗണന നൽകുന്നതാണ്. പെരളശ്ശേരി, വട്ടംകുളം, വരവൂർ, തൂണേരി എന്നിവിടങ്ങളിൽ ഐ.ടി.സി.-കൾ ആരംഭിക്കും. പട്ടികജാതി യുവതികൾക്കുള്ള വിവാഹ ധനസഹായം 10,000 രൂപയായും മിശ്രവിവാഹിതർക്കുള്ള ധനസഹായം 50,000 രൂപയായും വർദ്ധിപ്പിക്കും. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ മേഖലാ ആഫീസുകൾ ആലപ്പുഴയിലും കോഴിക്കോടും തുടങ്ങും. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകരെ പ്രത്യേകം റിക്രൂട്ട് ചെയ്യും. കുട്ടികളുടെ മാനസിക ഉന്നമനത്തിന് കൗൺസിലിംഗ് ഏർപ്പെടുത്തും. മഞ്ചേശ്വരത്ത് കന്നട മീഡിയം മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കും. ആലുവയിലും തിരുവനന്തപുരത്തും പി.ഇ.ടി.സി.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കും. ആലപ്പുഴയിൽ പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന് 4 കോടി 38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.-യുടെ നിയന്ത്രണത്തിൽ കുഴൽമന്ദത്ത് പോളിടെക്നിക്ക് ആരംഭിക്കും. പട്ടികവർഗ്ഗ വിഭാഗത്തിന് പഞ്ചകർമ്മ ചികിത്സയിൽ പരിശീലനം നൽകുന്നതിനായി പാലക്കാട് ആസ്ഥാനമായി കേന്ദ്രം തുടങ്ങും. പി.കെ. ചാത്തൻ മാസ്റ്ററുടെ പേരിൽ തൃശ്ശൂരിൽ ടൗൺഹാൾ നിർമ്മിക്കും. 10 വർഷംകൊണ്ട് ഊർജ്ജ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ ഹ്രസ്വകാല-ദീർഘകാല പരിപാടി

കൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കെ.എസ്.ഐ.ഡി.സി-യുടെയും കെ.എസ്.ഇ.ബി-യുടേയും സംയുക്ത സംരംഭമായ 2400 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള അൾട്രാ മെഗാ തെർമൽ പ്ലാന്റ് ചീമേനിയിൽ ആരംഭിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ട്. കമ്പനി രൂപീകരിക്കാനുള്ള നടപടികളിലേയ്ക്ക് പോവുകയാണ്. കേന്ദ്ര സർക്കാർ ഒറീസ്സയിൽ സംസ്ഥാനത്തിന് ലഭ്യമാക്കിയ ആയിരം മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കൽക്കരിപ്പാടത്ത് മൈനിംഗ് നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. 777 മെഗാവാട്ട് വൈദ്യുത പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്രം സതേൺ സംസ്ഥാനങ്ങളിൽ വൈദ്യുതി നിലയങ്ങൾ തുടങ്ങുമ്പോൾ കേരളത്തിന്റെ വിഹിതമായി 596 മെഗാവാട്ട് വൈദ്യുതി ലഭ്യമാകും. കായംകുളത്തെ എൽ.എൻ.ജി ടെൽമിനൽ പൂർത്തിയാക്കുന്നതിന് കേരളത്തിൽനിന്നുള്ള കേന്ദ്ര മന്ത്രിമാരുടെയും എം.പി.-മാരുടേയും സഹായത്തോടുകൂടി ശക്തമായ സമ്മർദ്ദം ചെലുത്തുന്നതാണ്. ബ്രഹ്മപുരം പദ്ധതി 1000 മെഗാവാട്ടിന്റെ എൽ.എൻ.ജി ആയി വിപുലീകരിക്കാനുള്ള സാദ്ധ്യതാ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഊർജ്ജ സംരക്ഷണത്തിനായി 10 ലക്ഷം സി.എഫ്.എൽ ബൾബുകൾ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലൂടെ 40 മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിയും. സബ്സിഡി റേറ്റിൽ 2 കോടി ബൾബുകൾ കൊടുക്കുമ്പോൾ 350 മെഗാവാട്ട് ലാഭിക്കാൻ സാധിക്കും. അതിനായി 150 കോടി രൂപയുടെ ബൃഹത് പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. 1381000 പുതിയ കണക്ഷനുകൾ കൊടുക്കാൻ സാധിച്ചു. 8 നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യൂതീകരണം പൂർത്തിയായി. 103 മണ്ഡലങ്ങളിൽ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. 38 പുതിയ സെക്ഷൻ, 6 ഡിവിഷൻ , 4 സബ് ഡിവിഷൻ എന്നിവ സ്ഥാപിച്ചു. എസ്.സി/എസ്.ടി വിഭാഗത്തിന്

മിനിമം ഗ്യാരന്റി ഒഴിവാക്കി. അടച്ചുപൂട്ടിയ വ്യവസായങ്ങളുടെ മിനിമം ഡിമാന്റ് ചാർജ് ഒഴിവാക്കി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബോർഡിൽ 5357 പേരെ പി.എസ്.സി. വഴി നിയമിക്കുകയും 12512 പേർക്ക് പ്രൊമോഷൻ നൽകുകയും ചെയ്തിട്ടുണ്ട്. 150 മെഗാവാട്ടിന് താഴെയുള്ള മുഴുവൻ പ്രദേശങ്ങളിലേയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും വോൾട്ടേജ് ക്ഷാമ പരിഹാര അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്യും. ഈ വർഷം 50 സബ് സ്റ്റേഷനുകളും 100 മെഗാവാട്ടിന്റെ കുറ്റ്യാടി അഡീഷണൽ എക്സ്റ്റെൻഷൻ പ്രോജക്ടുകളും കമ്മീഷൻ ചെയ്യും. വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള ടാർജറ്റ് 31-03-09-വരെയാക്കി പുതുക്കാനും വാട്ടർ അതോറിറ്റിയുടെ സഹകരണത്തോടെ കുടിവെള്ള പദ്ധതികൾക്ക് പ്രത്യേക താരിഫ് നിശ്ചയിക്കാനും തീരുമാനിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 10 മെഗാവാട്ടിൽ അധികം വൈദ്യുതി ഉല്പാദിപ്പിക്കുന്ന നിയോജക മണ്ഡലങ്ങളിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള ഒരു കോടി രൂപയേക്കാൾ അധികമായി വേണ്ടിവരുന്ന തുക കെ.എസ്.ഇ.ബി. തന്നെ വഹിക്കുന്നതായിരിക്കും. വീട്ടു നമ്പർ കിട്ടാത്ത തീരദേശ പ്രദേശങ്ങളിലെ വീടുകൾക്ക് റേഷൻ കാർഡിന്റേയോ വോട്ടർ ഐഡന്റിറ്റി കാർഡിന്റേയോ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതാണ്. അന്ധർ, 40% അംഗവൈകല്യമുള്ളവർ എന്നിവരുടെ വീടുകൾക്ക് ഇലക്ട്രിക് കണക്ഷന് പോസ്റ്റുകൾ സ്ഥാപിക്കേണ്ട ആവശ്യമില്ലാത്ത സ്ഥലത്താണെങ്കിൽ 24 മണിക്കൂറുകൾക്കകവും പോസ്റ്റുകൾ സ്ഥാപിക്കേണ്ടതുണ്ടെങ്കിൽ 30 ദിവസത്തിനകവും കണക്ഷൻ നൽകുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിനായി കെ.എസ്.ഇ.ബി-യുടെ നോർമൽ ഡെവലപ്മെന്റ്

ഫണ്ടിൽ നിന്നും ഈ വർഷം 10 കോടി രൂപയുടെ പദ്ധതി നടപ്പാക്കും. പാവപ്പെട്ടവർക്ക് 30 യൂണിറ്റ് വരെ വൈദ്യുതി സൗജന്യമാക്കും. വൈദ്യുതി വിതരണ ശൃംഖലയുടെ അറ്റകുറ്റപ്പണികൾക്കായി പ്രത്യേക പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കുട്ടനാട്ടിലെ കേടുവന്ന വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 42 കോടി രൂപയുടെ കുട്ടനാട് പാക്കേജ് സ്കീം നടപ്പിലാക്കുകയും 17 കോടി രൂപയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. ഈ വർഷം തന്നെ 4000 കിലോമീറ്റർ ലൈൻ വലിച്ച് 5000 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും കേടായ ത്രീ ഫേസ് മീറ്ററുകൾ മാറ്റിവയ്ക്കുകയും ചെയ്യും. വിവര സാങ്കേതികവിദ്യയുടെ ഉപയോഗം വിപുലപ്പെടുത്തുകയും നിലവിൽ സോഫ്റ്റ്‌വെയറുള്ള സെക്ഷനുകളിൽ ഏകീകൃത ബില്ലിംഗ് സമ്പ്രദായം കൊണ്ടുവരികയും ചെയ്യും. സ്ട്രീറ്റ് ലൈറ്റുകളുടെ നവീകരണത്തിനും ഊർജ്ജ സംരക്ഷണത്തിനുമായി 3 കോടി രൂപ ചെലവിൽ 25 മുനിസിപ്പാലിറ്റികളിൽ പുതിയ പദ്ധതി ആരംഭിക്കും. 39 ബയോമാസ് ഗ്യാസ് ഫെയർ പദ്ധതിയിലൂടെ 20 മെഗാവാട്ട് വൈദ്യുതി ലക്ഷ്യമിടുന്നു. ഇതിന്റെ ഒന്നാം ഘട്ടമായി 9.56 മെഗാവാട്ടിന്റെ 14 പദ്ധതികളുടെ നിർമ്മാണം ഈ വർഷം തുടങ്ങും. വിറക് അടുപ്പ് ഉപയോഗിക്കുന്നവർക്ക് കാർബൺ ക്രെഡിറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ഒരു സമഗ്ര പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. വൈദ്യുതി ലൈനുകളിൽ നിന്ന് വിദൂരമായ വീടുകളിൽ സൗരോർജ്ജം ഉപയോഗപ്പെടുത്തുകയും 8 കോടി രൂപയുടെ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നതാണ്. ഊർജ്ജ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ മിനി ജല വൈദ്യുത പദ്ധതികൾക്കുള്ള സൈറ്റുകളുടെ സാദ്ധ്യതാ പഠനം

നടന്നുകൊണ്ടിരിക്കുകയാണ്. പേരാവൂർ ബ്ലോക്കിൽ 19 മിനി ഹൈഡൽ പദ്ധതികൾ നടപ്പാക്കുന്നതിന് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX- ാം നമ്പർ ധനാഭ്യർത്ഥനയും പാസ്സാക്കണമെന്ന പ്രമേയം 26 -നെതിരെ 77 വോട്ടുകളോടുകൂടി സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. (ഒരംഗം നിഷ്പക്ഷത പാലിച്ചു)

(സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് ഘടനയും പ്രവേശനവും സംബന്ധിച്ച ശ്രീ. കെ.സി. ജോസഫിന്റെ സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി)

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ഇപ്പോൾ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ ഓപ്ഷൻ രജിസ്ട്രേഷനിൽ യാതൊരു സ്തംഭനാവസ്ഥയുമില്ല. എവിടെയെങ്കിലും സാങ്കേതികമായ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കും. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ ഫീസ് നിരക്ക് തീരുമാനിച്ചു കഴിഞ്ഞു. അതിന്റെ ഡീറ്റെയിൽസ് വെബ് സൈറ്റിൽ ലഭ്യമാണ്. സഹകരണ മേഖലയിലെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സർക്കാർ പ്രവേശിപ്പിക്കുന്ന വിദ്യാർത്ഥികളിൽനിന്ന് സ്വകാര്യ സ്വാശ്രയ കോളേജിൽ നിശ്ചയിച്ചിട്ടുള്ള ഫീസിനേക്കാൾ കുറഞ്ഞ ഫീസാണ് ഇപ്പോഴും വാങ്ങുന്നത്.

കെ.എസ്.ആർ.ടി.സി., എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. എന്നീ സ്ഥാപനങ്ങളിലും കുറഞ്ഞ ഫീസാണ് ഇപ്പോഴും വാങ്ങിക്കൊണ്ടിരിക്കുന്നത്. ജസ്റ്റീസ് പി.എ. മുഹമ്മദ് കമ്മിറ്റിയുടെ ഫീസ് ഘടനയെക്കാൾ കുറഞ്ഞ ഫീസാണ് സഹകരണ മേഖലയിലെ സ്ഥാപനങ്ങളെല്ലാം ഈടാക്കുന്നത്. വർദ്ധിപ്പിച്ച ഫീസ് ഈടാക്കിയാൽ മാത്രമേ പി. എ. മുഹമ്മദ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ ലംഘനം ആവുന്നുള്ളൂ.

സഭ വൈകുന്നേരം 3.55-ന് പിരിഞ്ഞു.